**പതിമൂന്നാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

പ്രധാനമന്ത്രി ഗ്രാമീൺ സഡക്ക് യോജന

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 125

13.06.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ.കെ. അച്ചുതൻ<br>,, ആർ. സെൽവരാജ്<br>,, പി.സി. വിഷ്ണുനാഥ് | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | പ്രധാനമന്ത്രി ഗ്രാമീൺ സഡക്ക് യോജന നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | പി.എം.ജി.എസ്.വൈ. പ്രകാരം 2010-11 വരെ ഫേസ് II മുതൽ VII വരെ മുടങ്ങിക്കിടന്ന 303 റോഡുകൾക്കു 2010 SOR പ്രകാരം എസ്റ്റിമേറ്റ് പുതുക്കി നിശ്ചയിച്ചു അതിൻമേൽ പരമാവധി 42% ടെണ്ടർ എക്സസ് നൽകി 155 റോഡുകളുടെ പണി സംസ്ഥാന സർക്കാർ 114.39 കോടി രൂപ അധികമായി കണ്ടെത്തി പുനരാരംഭിച്ചു. കേന്ദ്രസർക്കാർ റോഡുകൾ അനുവദിക്കുന്ന വർഷത്തെ SOR പ്രകാരമുള്ള തുക മാത്രമേ അനുവദിക്കുകയുള്ളൂ. (100% കേന്ദ്രഗ്രാന്റ്).<br><br>ഫേസ് VIII പ്രകാരം 457.04 കോടി രൂപ ചെലവിൽ 746 കി.മീ. ദൈർഘ്യമുള്ള 320 റോഡുകൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും |

| | | | |
|---|---|---|---|
| | | | അംഗീകാരം ലഭ്യമാക്കി. 320 റോഡുകൾക്ക് സംസ്ഥാന സർക്കാർ പണം കണ്ടെത്തി പരമാവധി 20% ടെണ്ടർ എക്സസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ 122 റോഡുകളുടെ പണി ആരംഭിച്ചു.<br><br>കേന്ദ്രമാനദണ്ഡപ്രകാരം നിർമ്മാണ യോഗ്യമല്ലാത്തതിനാൽ ടെണ്ടർ പോകാത്ത 152 റോഡുകൾ (കേന്ദ്ര വിഹിതം-152.02 കോടി രൂപ) കേന്ദ്ര സർക്കാരിനെക്കൊണ്ട് റദ്ദുചെയ്യിച്ച് പകരം 237.57 കോടി രൂപയുടെ 95 റോഡുകൾക്ക് അനുവാദം ലഭ്യമാക്കി.<br><br>ഫേസ് VIIIൽ ശേഷിക്കുന്ന 194 റോഡുകളും, പണി ആരംഭിച്ച് പിന്നീട് മുടങ്ങിപ്പോയ 68 റോഡുകളും (SOR 2012 ആയി മാറ്റിയതിന്റെയും അതിൻമേൽ പരമാവധി 31% ടെണ്ടർ എക്സസ് തുകയും സംസ്ഥാന സർക്കാർ വഹിച്ചു) ഇപ്പോൾ ലഭിച്ച 95 റോഡുകളും ചേർത്ത് 357 റോഡുകളുടെ ടെണ്ടർ ക്ഷണിക്കുവാനുള്ള നടപടി പൂർത്തിയായി.<br><br>മുകളിൽ പറഞ്ഞ പുരോഗതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പി.എം.ജി.എസ്.വൈ.-II (കേന്ദ്രവിഹിതം -75%, സംസ്ഥാന |

| | | | |
|---|---|---|---|
| | | | വിഹിതം-25%) ൽ ഉൾപ്പെടുത്തി 570 കി.മീറ്റർ റോഡുകൾ കേന്ദ്രസർക്കാർ അനുവദിച്ചു. ഈ റോഡുകളുടെ ഡി.പി.ആർ.തയ്യാറാക്കി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട എത്ര ഗ്രാമീണ റോഡുകളാണ് നിലവിലുള്ളത്; | (ബി) | പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം കേന്ദ്രസർക്കാരിൽ നിന്നും അനുമതി ലഭിച്ചതിൽ 239 റോഡുകളാണ് നിലവിൽ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നത്. |
| (സി) | പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിന് കേന്ദ്രവും സംസ്ഥാനവും എത്ര തുക വീതമാണ് നീക്കിവച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം; | (സി) | പി.എം.ജി.എസ്.വൈ 100 ശതമാനം കേന്ദ്രസഹായമുള്ള പദ്ധതിയാണ്. എന്നാൽ പദ്ധതി പ്രദേശത്തുള്ള യുട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവും ടെണ്ടർ പ്രിമീയം, റേറ്റ് റിവിഷൻ, നിർമ്മാണം പൂർത്തികരിച്ചതിനുശേഷം 5 വർഷത്തെ അറ്റകുറ്റപണികൾക്കുള്ള ചെലവ് എന്നിവ സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്. |
| (ഡി) | ഇവയുടെ നിർമ്മാണ പ്രവൃത്തികൾക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) | പി.എം.ജി.എസ്.വൈ. സംസ്ഥാനത്ത് കൂടുതൽ കാര്യക്ഷമമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിശദ വിവരം (എ) ഭാഗം ചോദ്യത്തിന്റെ ഉത്തരമായി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ